**അസാധുവാക്കുന്നതും അവർക്കെതിരെ കമ്മീഷൻ ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതുമാണ്.**

പരീക്ഷാ സമയം അവസാനിയ്ക്കുമ്പോൾ, OMR ഷീറ്റിൻെറ A, B ഭാഗങ്ങൾ അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപിച്ചശേഷം മാത്രമേ പരീക്ഷാർത്ഥികൾ പരീക്ഷാഹാളിൽ നിന്നും പുറത്തുപോകാൻ പാടുള്ളൂ

**നിർദ്ദേശങ്ങൾ പരീക്ഷാർത്ഥികൾ കർശനമായി പാലിക്കേണ്ടതാണ്. വീഴ്ച വരുത്തുന്ന വരുടെ പേരിൽ വകുപ്പുതലപരീക്ഷകളിൽ നിന്നും ഡീബാർ ചെയ്യുന്നതുൾപ്പെടെയുള്ള ശിക്ഷാനടപടികൾ സ്വീകരിക്കുന്നതാണ്.**

**Note:- In the case of Indian Penal Code, Criminal Procedure Code and Indian Evidence Act, candidates are allowed to use only the Bare Acts of any publication wherever the Examination is "With Books". In the case of Medical Jurisprudence candidates are allowed to use only J.P.Modi's Medical Jurisprudence and Toxicology for India(26th Edition). No Text books on the subject other than those mentioned above or other books containing notes or commentaries and guides, digests, summaries etc will be allowed for reference in the Examination.**

## കോവിഡ് – 19

### പരീക്ഷാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ

- കോവിഡ്-19 ന്റെ വ്യാപനം തടയുന്നതിന് സർക്കാർ പുറപ്പെടുവിച്ച എല്ലാ മാനദണ്ഡങ്ങളും സുരക്ഷാക്രമീകരണങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ പരീക്ഷാ നടത്തിപ്പിലും ബാധകമായിരിക്കും. പരീക്ഷാർത്ഥികൾ ആരോഗ്യവകുപ്പ് പുറത്തിറക്കിയ സുരക്ഷാനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
- പരീക്ഷാർത്ഥികൾ നിർബ്ബന്ധമായും തെർമൽ സ്കാനിംഗിന് വിധേയരാകേണ്ടതാണ്.
- പരീക്ഷാർത്ഥികൾ സാമൂഹിക അകലം പാലിക്കേണ്ടതും മാസ്ക് ധരിക്കേണ്ടതുമാണ്.
- ക്വാറന്റൈയിനിൽ കഴിയുന്ന പരീക്ഷാർത്ഥികൾ സത്യവാങ്മൂലം ചീഫ് സൂപ്രണ്ടിന് സമർപ്പിക്കുന്ന പക്ഷം പരീക്ഷ എഴുതുവാൻ അനുവദിക്കുന്നതാണ്. ടി പരീക്ഷാർത്ഥികൾക്കായി പ്രത്യേക മുറി സജ്ജമാക്കുന്നതാണ്. ടി പരീക്ഷാർത്ഥികൾ ചീഫ് സൂപ്രണ്ടിന്റെ നിർദ്ദേശം പാലിച്ചുകൊണ്ട് പരീക്ഷ എഴുതുവാൻ സന്നദ്ധരാകേണ്ടതാണ്.
- പരീക്ഷാർത്ഥികൾക്ക് ഇടയ്ക്കിടെ കൈകൾ sanitize ചെയ്യുന്നതിന് ചെറിയ സാനിറ്റൈസർ (Transparent Bottle) പരീക്ഷാ ഹാളിൽ കൊണ്ടുവരാവുന്നതാണ്.
- പരീക്ഷയ്ക്ക് മുമ്പും പരീക്ഷ കഴിഞ്ഞും കൂട്ടം കൂടാതിരിക്കുവാൻ പ രീക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.
- നിലവിലുള്ള പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പരീക്ഷാർത്ഥികൾക്ക് സുതാര്യമായ bottle-ൽ കുടിവെള്ളം കൊണ്ടുവരാൻ അനുവദിക്കുന്നതാണ്